(ഡി) റെയിൽവേ ലൈൻ വൈദ്യുതീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) തിരുവനന്തപുരം-എറണാകുളം റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനായി 10 ലക്ഷം രൂപ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ റെയിൽവേ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഡിസംബർ മാസത്തോടുകൂടി പണി തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തി. അതിന്റെയടിസ്ഥാനത്തിൽ 2009-ാം മാണ്ട് വരെ പവർ ടാരിഫ് (Power Tariff) കൺസഷണൽ റേറ്റിൽ നൽകണമെന്ന ആവശ്യം സർക്കാരിന്റെ പവർ ഡിപ്പാർട്ടുമെന്റ് സജീവമായി പരിശോധിച്ചുവരികയാണ്.

18 (*543) ബസ്സുകളിലെ വനിതാ സീറ്റ് സംവരണം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളിൽ ഏർപ്പെടുത്തിയിട്ടുള്ള വനിതാ സീറ്റ് റിസർവേഷന്റെ വ്യവസ്ഥകൾ വിശദീകരിക്കുമോ;

(ബി) ബസ്സുകളുടെ ദൂരപരിധി കണക്കിലെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതൊക്കെ നമ്പർ സീറ്റുകളാണ് വനിതകൾക്ക് നീക്കിവച്ചിട്ടുള്ളത്;

(ഡി) യാത്രാരംഭംമുതൽ യാത്ര അവസാനിപ്പിക്കുന്നതിന് മുൻപത്തെ സ്റ്റോപ്പിൽ നിന്നുവരെ കയറുന്ന വനിതകൾക്കായി നീക്കിവച്ചിട്ടുള്ള എല്ലാ സീറ്റിലും റിസർവേഷൻ നൽകുമോ;

(ഇ) ഇല്ലെങ്കിൽ ഇടയ്ക്കു വച്ചു കയറുന്ന വനിതകൾക്ക് ഏതൊക്കെ സീറ്റുകളാണ് കണ്ടക്ടർ ഒഴിപ്പിച്ചു നൽകേണ്ടത്;

(എഫ്) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) വനിതാ റിസർവേഷന്റെ വ്യക്തമായ വിവരങ്ങൾ പത്രമാദ്ധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി.യിലെ സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ 25% സീറ്റ് മുൻഗണനാക്രമത്തിൽ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കണ്ടക്ടറുടെ സീറ്റിന് സമാന്തരമായി വലതുവശത്തുള്ള മൂന്നു സീറ്റുകൾ സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. ഈ മൂന്നു സീറ്റുകളും ഏത് അവസരത്തിലും സ്ത്രീകൾക്ക് നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റിസർവേഷൻ ഉള്ള ബസ്സുകളിൽ ഇപ്രകാരം സംവരണം ചെയ്തിരിക്കുന്ന 25% സീറ്റുകൾ മേൽപ്പറഞ്ഞ സർവ്വീസുകൾ തുടങ്ങുന്ന സ്ഥലത്ത് സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്കു മാത്രമായി നല്കേണ്ടതാണ്. യാത്രയുടെ ഇടയിൽ സ്ത്രീകൾ കയറിയാൽ അത്തരം സീറ്റുകളിൽ ഇരിക്കുന്ന പുരുഷൻമാരോട് സീറ്റുകൾ ഒഴിഞ്ഞു കൊടുക്കാൻ ആവശ്യപ്പെടുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകളിലും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ദീർഘദൂര ബസ്സുകളിൽ കണ്ടക്ടർ സീറ്റിന്റെ വലതു വശത്തുള്ള മൂന്നു സീറ്റുകൾ ഏതവസരത്തിലും സ്ത്രീകൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്. പുറകിലുള്ള 25% സീറ്റുകളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) നിവൃത്തിയില്ല.

(ഇ) കണ്ടക്ടറുടെ സീറ്റിനു സമാന്തരമായി വലതുവശത്തുള്ള മൂന്നു പേർക്കിരിക്കാവുന്ന സീറ്റ് ഒഴിപ്പിച്ചു നൽകുന്നതാണ്.

(എഫ്) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ജി) ഈ വിവരങ്ങൾ പത്രങ്ങൾക്കു നല്കിയിട്ടുണ്ട്.

19 (*544) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ പുതുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾ കാലഹരണപ്പെട്ടതാണെന്ന കാര്യം പരിഗണിച്ച് മാനുവലിൽ വേണ്ട ഭേദഗതി വരുത്തുവാൻ ഒരു പഠനം നടത്തുമോ;

(സി) ഈ നിയമങ്ങൾ പല സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ഡി) സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

823/2010.

LIBRARY ARCHIVES Kerala Legislative Assembly